# Malayala Manorama
# 29 August 2018
# Kochi, After Flood, “Koodeund Naadu” Project

## ‘കൂടെയുണ്ട് നാട്’ പദ്ധതി: വീടുകളിൽ കിറ്റ് നൽകി

### കിറ്റുകൾ സത്താർ ഐലൻഡിലെ വീടുകളിൽ എത്തിച്ചു നൽകി



പ്രളയബാധിതർക്കു കൈത്താങ്ങാകാൻ മലയാള മനോരമയുടെ ‘കൂടെയുണ്ട് നാട്’ പദ്ധതിയിലൂടെ ശേഖരിച്ച അവശ്യ സാധനങ്ങ
പറവൂർ കൊട്ടുവള്ളിക്കാട് സത്താർ ഐലൻഡിൽ വിതരണം ചെയ്തപ്പോൾ.

**കൊച്ചി** • പ്രളയബാധിതർക്കു കൈത്താങ്ങാകാൻ മലയാള മനോരമയുടെ ‘കൂടെയുണ്ട് നാട്’ പദ്ധതിയിലൂടെ ശേഖരിച്ച അവശ്യ സാധനങ്ങൾ ഇന്നലെ പറവൂർ കൊട്ടുവള്ളിക്കാട് സത്താർ ഐലൻഡിലെയും പെരുമ്പാവൂർ ഒക്കൽ തുരുത്തിലെയും കുടുംബങ്ങൾക്കായി വിതരണം ചെയ്തു. കിറ്റുകളാക്കി വീടുകളിൽ എത്തിച്ചുനൽകുകയായിരുന്നു.

സത്താർ ഐലൻഡിലെ 110 കുടുംബങ്ങൾ കഴിഞ്ഞ ദിവസമാണു ദുരിതാശ്വാസ ക്യാംപുകളിൽനിന്നു വീടുകളിലേക്കു മടങ്ങിയത്. ഒക്കൽ തുരുത്തിലേക്കുള്ള വഴി മണ്ണുനീക്കി ഗതാഗത യോഗ്യമാക്കിയതേയുള്ളൂ. ദുരിതാശ്വാസ ക്യാംപിൽ കഴിഞ്ഞിരുന്ന കുടുംബങ്ങൾ വീടുകളിലെത്തി ശുചീകരണം നടത്തി താമസം തുടങ്ങുമ്പോഴാണ് അനുഗ്രഹമായി മനോരമയുടെ കിറ്റുകൾ എത്തിയത്. പ്രളയ ബാധിതർക്കായി അവശ്യ സാധനങ്ങൾ സംഭാവന ചെയ്യാൻ ആഗ്രഹിക്കുന്നവർ കൊച്ചി പനമ്പള്ളി നഗറിലെ മനോരമ ഓഫിസിലാണ് എത്തിക്കേണ്ടത്. രാവിലെ എട്ടു മുതൽ വൈകിട്ട് എട്ടു വരെയാണ് കലക്‌ഷൻ സെന്റർ പ്രവർത്തിക്കുക. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പുറമേ റസിഡന്റ്സ് അസോസിയേഷനുകളും കുടുംബക്കൂട്ടായ്മകളും അവശ്യ സാധനങ്ങളുമായി എത്തുന്നുണ്ട്. കിറ്റിലേക്കായി പഞ്ചസാര, റവ എന്നിവ കൂടുതലായി ആവശ്യമുണ്ട്.

സംഭാവന നൽകിയവർ: ഹിന്ദു
സ്ഥാൻ കോക്ക കോള ബവ്റി
സ് പ്രൈവറ്റ് ലിമിറ്റഡ്, പവിഴം ഗ്ര
പ്പ് ഓഫ് കമ്പനീസ്, നിറപറ ഗ്ര
പ്പ് ഓഫ് കമ്പനീസ്, മുളന്തു
ത്തി പള്ളിത്താഴം ഓട്ടോ ഡ്രൈ
വേഴ്സ്, വൽസ സ്കറിയ (എ
ണാകുളം), ഡെന്നി ചെമ്പഴ സ
ന്റ് മോണിക്ക, സക്കീന ജമാ
(ഫോർട്ട്കൊച്ചി), ജോസ് കുഞ്ഞ
ജേക്കബ് (കുട്ടനാട്), സഞ്ജീ
ഗുപ്ത (ജയ്പൂർ), സി.വൈ.എ
റസാഖ് (ആലുവ).